ശ്രീ. ടി. കൃഷ്ണൻ: അഞ്ചുകൊല്ലം കഴിഞ്ഞിട്ടും സബ്ഡിവിഷൻ ചെയ്തു കൊടുക്കാത്തതുകൊണ്ട് വഷ്കാലത്തു വെള്ളം ഒലിച്ച് വന്നു അനാഥമായി പോവുകയാണ്. അതുകൊണ്ട് എത്രയും വേഗത്തിൽ സബ്ഡിവിഷൻ ചെയ്തു കൊടുക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇതു സബ്ഡിവിഷൻ ചെയ്യാൻവേണ്ടി സർവ്വേ ഡിപ്പാർട്ടുമെൻറിനെയാണ് ഏല്പിച്ചിരിക്കുന്നത്. ഈ മാസം അവസാനത്തിൽതന്നെ ആ ജോലി പൂർത്തിയാകുമെന്നാണ് അറിയാൻ കഴിയുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സബ്ഡിവിഷൻ ചെയ്യാതെ സ്റ്റോറിൽ എത്ര കാളണികൾ ഉണ്ടെന്ന് അന്വേഷിച്ച് അതെല്ലാം സബ്ഡിവിഷൻ ചെയ്യുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: എല്ലാ ഡിസ്ട്രിക്റ്റിലുമുള്ള സബ്ഡിവിഷൻ കഴിക്കാത്ത കാളണികളുടെ ലിസ്റ്റുണ്ട്. എന്നാൽ സർവ്വേ ഡിപ്പാർട്ടുമെൻറിനു ഈ കാളണികളുടെയെല്ലാം സബ്ഡിവിഷൻകഴിക്കാൻ വിഷമമാണെന്നും ഹരിജൻ ഡിപ്പാർട്ടുമെൻറിൽ ഇതിനൊരു സ്റ്റാഫ് നിയമിച്ചാലേ സാധിക്കുകയുള്ളു എന്നും ജില്ലാ കളക്ടറന്മാരുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്, അതുകൊണ്ട് അങ്ങനെ ഒരു സ്റ്റാഫിനെവച്ച് ഇതുനടത്താൻ കഴിയുമോയെന്നാലോചിക്കുകയാണ്.

ശ്രീ. ടി. കൃഷ്ണൻ: ചങ്ങനാശ്ശേരിയിലെ സഹിവോത്തമപുരം കാളണിയിലും സബ്ഡിവിഷൻ നടന്നിട്ടില്ല. ആ സ്ഥലം ഇപ്പോഴും പാട്ടത്തിനു കൊടുക്കുകയാണ്. അതുകൊണ്ട് പൊതുവേ സ്ഥലം മോശപ്പെട്ടുവരികയാണെന്നറിയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇത്തരം അനവധി ഭൂമികളും ഉണ്ട്. ഏകദേശം 300 ഏക്കർ ഭൂമി സബ്ഡിവിഷൻ കഴിക്കാതെ കിടക്കുകയാണ്. സ്പെഷ്യൽ സ്റ്റാഫിനെവച്ചാലെ ഈ ഭൂമികളും സബ്ഡിവിഷൻചെയ്യാൻ സാധിക്കുകയുള്ളു. അതിനുവേണ്ടിയുള്ള ചെലവുതുകയെപ്പറ്റി ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

സിമൻറ് കൂടുതൽ ലഭിക്കുന്നതിനുള്ള നിവേദനം.

* 570. [11] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിനും സ്വകാര്യ ആവശ്യത്തിനും വേണ്ടി സ്റ്റോറിനു വെളിയിൽനിന്നും സിമൻറ് കൂടുതൽ ലഭിക്കുന്നതിനു കേന്ദ്രഗവണ്മെൻറിൽ വല്ല നിവേദനവും സംസ്ഥാനഗവണ്മെൻറ് ചെയ്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിൻറെ ആവശ്യത്തിനു കൂടുതൽ സിമൻറ് അലോട്ടുചെയ്തുകിട്ടാൻ അടുത്ത അവസരത്തിൽ സാദ്ധ്യതയുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ഉണ്ട്.

(ബി) 1964 ജനുവരി മാർച്ച് കാലഘട്ടത്തിൽ കേരളത്തിലേക്ക് കഴിഞ്ഞകാലങ്ങളെഅപേക്ഷിച്ച് അലോട്ടുമെൻറ് അല്പം കൂട്ടിയിട്ടുള്ളതിനു പുറമെ പ്രതിമാസം 900 ടൺ സ്പെഷ്യൽ അലോട്ടുമെൻറായും ലഭിക്കുന്നുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: താരതമ്യേന കൂടുതൽ കാണിക്കുന്നുവെങ്കിലും അപേക്ഷിക്കുന്നവർക്കു കിട്ടാതിരിക്കുന്ന ബുദ്ധിമുട്ടു കാണുന്നുണ്ട്. അതിനു പ്രത്യേക നിർദ്ദേശം അധികൃതർക്കു കൊടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇന്നിവിടെ സിമൻറ് ആവശ്യത്തിൻറെ പ്രാധാന്യത്തെ പരിഗണിച്ച് വിതരണംചെയ്യുകയാണ്. പൊതു

LIBRARY ARCHIVES Kerala Legislative Assembly

പ്രാധാന്യമുള്ള ചില വലിയ പണികൾക്ക് കൂടുതൽ സിമൻറ് ആവശ്യമാണെങ്കിൽ കൂടുതൽ അനുവദിച്ചു എന്നുവരും. ചെറിയ തോതിൽ സിമൻറ് ആവശ്യമുള്ളവർക്ക് വളരെ പ്രയാസം കൂടാതെ കിട്ടുന്നതിനുള്ള വ്യവസ്ഥകളും ചെയ്തിട്ടുണ്ട്. കളക്ടർക്കും ആർ. ഡി. ഓ. യ്ക്കും മറ്റും അതിനധികാരം കൊടുത്തിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ സംസ്ഥാനത്തുള്ള സിമൻറിൽ ഒരു വലിയവിഭാഗം മോഷ്ടിച്ചും മറ്റുവിധത്തിലും ബ്ലാക്കുമാർക്കറ്റിൽ വില്ക്കുന്നതിനു് ഇടവരുന്നുണ്ടു്. ഇന്നലെത്തന്നെ സിമൻറുമോഷ്ടിച്ച ഒരു സ്റ്റോർകീപ്പറെ സസ്പെൻഡുചെയ്ത കാര്യം ഇവിടെ പറഞ്ഞു. ഇങ്ങനെ സിമൻറു് ബ്ലാക്കുമാർക്കറ്റിലേക്കു പോകുന്നതിനെ തടയാൻ ഗവണ്മെൻറു നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അലോട്ടുചെയ്യുന്ന സിമൻറു് സ്റ്റോറിൽ നിന്നും മറ്റും മോഷ്ടിച്ചു് ബ്ലാക്കുമാർക്കറ്റിൽ വില്ക്കുന്ന സമ്പ്രദായം തടയുന്നതിനു് ആവശ്യമായ നടപടികളും ഗവണ്മെൻറു് സ്വീകരിക്കുന്നുണ്ടു്. പക്ഷേ ഈ നടപടികളൊക്കെ എടുത്താൽത്തന്നെയും കുറെ സിമൻറു് മോഷ്ടിക്കപ്പെടുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാം. അങ്ങനെ എന്തെങ്കിലും നടക്കുന്നുണ്ടെന്നുള്ള വിവരം കിട്ടിയാൽ ഉടനെതന്നെ നടപടി എടുക്കുന്നുണ്ടു്.

ശ്രീ. കെ. ഹസ്സൻ ഗനി: ഓരോ ഡിസ്ട്രിക്ടിലും കളക്ടറേറ്റുകൾക്കും അതിനുതാഴെയുള്ള ഉദ്യോഗസ്ഥന്മാർക്കും പൊതുജനങ്ങളുടെ ആവശ്യത്തിനു കൊടുക്കാൻ സിമൻറു് അനുവദിക്കുന്നതു് ഓരോതോതിലാണോ? ഉദാഹരണത്തിനു് എറണാകുളത്തു് തിരുവനന്തപുരത്തിന്റെ ഇരട്ടി ആവശ്യമുള്ളപ്പോൾ തിരുവനന്തപുരത്തു് കൂടുതൽ എറണാകുളത്തിന്റെ ഇരട്ടി കൊടുക്കുന്നു എന്നു പരാതിയുണ്ടു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: തിരുവനന്തപുരം ഡിസ്ട്രിക്ടിൽ പൊതുപ്രാധാന്യമുള്ള ഗവണ്മെൻറു് കെട്ടിടങ്ങൾക്കും മറ്റും സിമൻറു് അധികമാവശ്യമാണെങ്കിൽ അതിനു കൂടുതൽ അനുവദിക്കേണ്ടിവരും. ഈ കാര്യത്തെപ്പറ്റി പ്രത്യേകമായി ഒന്നും പറയാനില്ല. എന്തെങ്കിലും പ്രത്യേക വിഷമതകൾണ്ടെങ്കിൽക്കാണിച്ചാൽ അതിനെപ്പറ്റി ശ്രദ്ധിക്കാം. ഈ ഉദ്യോഗസ്ഥന്മാർക്കു അലോട്ടുചെയ്യാൻ കഴിയുന്ന സിമൻറിനു് ഒരു തോതുവച്ചിട്ടുണ്ടു്. അവരുടെ കൈയിലുള്ള സ്റ്റോക്കനുസരിച്ചു് വിതരണംചെയ്യുകയാണു ചെയ്യുന്നതു്.

ശ്രീ. എൻ. ഇ. ബലറാം: വില്ലേജു് അസിസ്റ്റൻറിനേയും എൻജിനീയറേയും സമീപിക്കാതെ അത്യാവശ്യത്തിനു് ഒരു ചാക്കു സിമൻറുപോലും കിട്ടുകയില്ല. ഇതിനു വല്ല മാറ്റവും വരുത്തുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: നമ്മുടെ സംസ്ഥാനത്തു പല പണികളും നടക്കുമ്പോൾ അതിനാവശ്യമായ സിമൻറു് ഇവിടെ കിട്ടുന്നില്ല. അപ്പോൾ താരതമ്യേന പ്രാധാന്യമുള്ള പണികൾക്കു കൂടുതൽ സിമൻറു നൽകി മറ്റുള്ളതിനു കുറയ്ക്കേണ്ടിവരും. ഈ പ്രയാസം നീക്കാനുള്ള മാർഗ്ഗം നോക്കുമ്പോൾ സിമൻറു് നമുക്കു് അലോട്ടുചെയ്യുകിട്ടുകയെന്നുള്ളതാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകളും എൻ. ഇ. എസ്സു്. ബ്ലോക്കുകളും നടത്തുന്ന പ്രവർത്തനങ്ങൾക്കു് ആവശ്യമുള്ള സിമൻറു് കിട്ടുന്നില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ? അങ്ങനെ സിമൻറു് കിട്ടാത്തതുകൊണ്ടു് പല പ്രവർത്തനങ്ങളും നടത്തുന്നതിനു കഴിയാത്ത പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കി അത്തരം പ്രവർത്തനങ്ങൾക്കു് ആവശ്യമായ സിമൻറു നൽകുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പഞ്ചായത്തു തുടങ്ങിയ ലോക്കൽ ആഡ്മിനിസ്ട്രേറ്റീവു് ഘടകങ്ങൾക്കു് അവരുടെ പണികൾക്കുവേണ്ട സിമൻറു് കൊടുക്കുകയെന്നുള്ള കാര്യത്തിൽ കുറെ മുൻഗണന നൽകുന്നുണ്ടു്. പക്ഷേ ഞാൻ ആദ്യം പറഞ്ഞതുപോലെ ഇവിടെ നമുക്കു കിട്ടുന്ന സിമൻറു് നമ്മുടെ ആവശ്യങ്ങൾക്കു് അപര്യാപ്തമായിവന്നാൽ ഉദ്ദേശിക്കുന്ന കാര്യങ്ങിറ്റി ഉദ്ദേശിക്കുന്ന വേഗതയിൽ കിട്ടിയില്ലെന്നു വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. എബ്രഹാം: ഇവിടത്തെ സിമന്റ് ഫാക്ടറിയിൽ ഉൽപാദനം നടത്തുന്നതിലേക്ക് ആവശ്യമായ കക്കാ ലഭിക്കുന്നില്ലെന്നും, അതു കൊണ്ട് ആ ഫാക്ടറിയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടിവരുമെന്നുമുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർക്ക് ആവശ്യമുള്ളിടത്തോളം കക്കാ ലഭിക്കുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ട്രാവൻകൂർ സിമന്റ് ഫാക്ടറിയെ സംബന്ധിച്ചിടത്തോളം പത്തിരുപതുകൊല്ലം കഴിഞ്ഞാൽ വേണ്ടുവോളം കക്കാ കിട്ടുകയില്ലെന്നുള്ള സംശയം ഉണ്ടായിരുന്നെങ്കിലും ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും മനസ്സിലാകുന്നത് അത്രത്തോളം ഭയപ്പെടാനില്ലെന്നാണ്.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: 100 ചാക്കിനു മുകളിലുള്ള അപേക്ഷകൾ കളക്ടർക്കും അതിനു താഴെയുള്ള അപേക്ഷകൾ ആർ. ഡി. ഓ. മുതലായ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കാനാണ് വ്യവസ്ഥയുള്ളത്. 100 ചാക്കിൽ കുറവായിട്ടുള്ള ആവശ്യക്കാരാണ് വളരെ കൂടുതൽ. അതുകൊണ്ട് ആർ. ഡി. ഓ. മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് വിതരണംചെയ്യുന്നതിനും കൂടുതൽ സിമന്റും കോട്ടാ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ നടപടിയെടുക്കുന്നതിനും ഇവിടെ കിട്ടുന്ന സിമന്റും ആവശ്യത്തിനു മതിയാകുന്നില്ലെന്നുള്ളതാണ് വിഷമം. അതുകൊണ്ട് താരതമ്യേന പൊതുപ്രാധാന്യമുള്ള വർക്കുകൾക്ക് നീക്കിവച്ചിട്ടേ ചെയ്യാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. എം. മത്തായി: പെർമിറ്റുമൂലം വാങ്ങുന്ന സിമന്റ് അതാതു ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുന്നുണ്ടോ; സിമന്റു വാങ്ങി യാതൊരു പണിയുംചെയ്യാതെ വയ്ക്കുന്ന കമ്പർപ്പാട് ഇവിടെ നടക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പൊതുവിൽ അങ്ങനെ പറയുന്നതു ശരിയല്ല. അങ്ങനെ സിമന്റു വാങ്ങി ആവശ്യത്തിനുപയോഗിക്കാതെ വിൽക്കുന്ന വിവരം കിട്ടിയാൽ അതിന്മേൽ നടപടി എടുക്കും.

ഗ്രാഡുവേറ്റു് റൂം സംബന്ധിച്ചു് പാസ്സാക്കിയ കല്പനകൾ.

* 571. [12] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഗ്രാഡുവേറ്റു് റൂംസംബന്ധമായി ഗവണ്മെന്റു് ഇതേവരെ എന്തെല്ലാം കല്പനകൾ പാസ്സാക്കി; അവയുടെ ഓരോ കാപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) അടുത്തകാലത്തായി ഗ്രാഡുവേറ്റ റൂം ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചു് വല്ല മാറ്റവും വരുത്തുകയോ വരുത്താൻ ഉദ്ദേശിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) അലോട്ടെഡു് ഉദ്യോഗസ്ഥന്മാരിൽ നിന്നു് ഇതിനെപ്പറ്റി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഗ്രാഡുവേറ്റു് റൂം സംബന്ധമായി ഗവണ്മെന്റു് പാസ്സാക്കിയ കല്പനകളുടെ ഓരോ † കാപ്പി മേശപ്പുറത്തുവച്ചിട്ടുണ്ടു്.

(ബി) 1-11-1956 മുതൽ 1-11-1957 വരെയുള്ള കാലത്തു് ഗ്രാഡുവേറ്റു് റൂം തിരുവിതാംകൂർ കൊച്ചി വിഭാഗത്തിനും, മദ്രാസ്റൂം മദ്രാസിൽ

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly